**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1546** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ പട്ടയ വിതരണം സ്റ്റേ ചെയ്തുകൊണ്ടുള്ള ഹൈക്കോടതി വിധി നിലവിലുണ്ടോ; എങ്കിൽ അതിനെതിരെ അപ്പീൽ നൽകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. മൂന്നാർ മേഖലയിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് 'One Earth One life' എന്ന സംഘടന ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)1801/2010 നമ്പർ കേസിലെ 10.01.2024 ലെ ഇടക്കാല ഉത്തരവ് പ്രകാരം ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ 1964ന് മുമ്പ് ഭൂമി കൈവശത്തിലാണ് എന്നതിൽ രേഖകൾ ഹാജരാക്കുന്നവർക്കല്ലാതെ മറ്റാർക്കും പട്ടയം നൽകേണ്ടതില്ലായെന്നും 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ച്കൊണ്ട് ഉത്തരവായിട്ടുണ്ട്. 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തുന്നതിനായി ഇൻസ്ട്രക്ഷൻസ് തയ്യാറാക്കി അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിരുന്നു. തുടർന്ന് അഡ്വക്കേറ്റ് ജനറൽ അഫിഡവിറ്റ് തയ്യാറാക്കി 12/06/2024-ന് സർക്കാരിൽ സമർപ്പിക്കുകയും അത് ചീഫ് സെക്രട്ടറി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്നും പീരുമേട് മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ആകെ 7459 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പീരുമേട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 577 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട് . |
| (സി) | പീരുമേട് താലൂക്കിൽ ഏതു വർഷം വരെയുള്ള പട്ടയ അപേക്ഷകളിന്മേലാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും നിലവിൽ പെൻഡിംഗുള്ള അപേക്ഷകളുടെ എണ്ണമെത്രയെന്നും അറിയിക്കാമോ; | (സി) | പീരുമേട് ഭൂമി പതിവ് ഓഫീസ് മുഖാന്തിരം പീരുമേട് താലൂക്കിൽ നിലവിൽ നടപടി സ്വീകരിച്ചുവരുന്ന പട്ടയ അപേക്ഷകളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. നിലവിൽ 6249 അപേക്ഷകൾ നടപടിക്കായി ശേഷിക്കുന്നുണ്ട്. |

| ക്രമ നം. | വില്ലേജ് | വർഷം |
|---|---|---|

| | | |
|---|---|---|
| 1 | പീരുമേട് | 2023 വരെയുള്ള അപേക്ഷകൾ |
| 2 | ഉപ്പുതറ | 2023 വരെയുള്ള അപേക്ഷകൾ |
| 3 | പെരിയാർ | 2023 വരെയുള്ള അപേക്ഷകൾ |
| 4 | ഏലപ്പാറ | 2024 വരെയുള്ള അപേക്ഷകൾ |
| 5 | കുമളി | 2024 വരെയുള്ള അപേക്ഷകൾ |
| 6 | പെരുവന്താനം | 2016 വരെയുള്ള അപേക്ഷകൾ |
| 7 | മഞ്ചുമല | 2022 വരെയുള്ള അപേക്ഷകൾ |
| 8 | വാഗമൺ | 2015 വരെയുള്ള അപേക്ഷകൾ |

| | | | |
|---|---|---|---|
| (ഡി) | പീരുമേട് മണ്ഡലത്തിലെ പട്ടയ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; പട്ടയ മിഷന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാന തല പട്ടയ മിഷന്റെ ഭാഗമായി പീരുമേട് മണ്ഡലത്തിലെ ഭൂമി പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും താലൂക്ക് ദൗത്യ സംഘത്തെ നിയോഗിച്ചിട്ടുള്ളതാണ്. ടി മണ്ഡലത്തിലെ പട്ടയ അസംബ്ലി ചേർന്നിട്ടുള്ളതും വില്ലേജ് തല ജനകീയ സമിതികളിൽ പട്ടയം, ഭൂമി പ്രശ്നങ്ങൾ എന്നിവ പ്രത്യേക അജണ്ടയായി പരിശോധിച്ച് വരുന്നതുമാണ്. നിലവിൽ പീരുമേട് താലൂക്കിലെ മഞ്ചുമല വില്ലേജിലെ പെരിയാർ പുഴപ്പുറമ്പോക്കിൽ ഉൾപ്പെട്ട കൈവശക്കാരുടെ പട്ടയവിഷയം, മ്ലാപ്പാറ, കൊക്കയാർ വില്ലേജിലെ ഉറുമ്പിക്കര എന്നീ പ്രദേശങ്ങളിലെ പട്ടയം, മഞ്ചുമല വില്ലേജിലെ മിച്ചഭൂമിയിലെ കൈവശക്കാരുടെ പട്ടയവിഷയം, പാറപ്പുറംപോക്കിൽ ഉൾപ്പെട്ട കൈവശക്കാരുടെ പട്ടയവിഷയം എന്നിവ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ച് വരുന്നതാണ്. |

സെക്ഷൻ ഓഫീസർ